പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത 14 /06/2012 ൽ
ചോദ്യം നമ്പർ 1107 മറുപടിക്ക്

**സംസ്ഥാനത്തിന്റെ മണ്ണെണ്ണ വിഹിതം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബാബു എം.പാലിശ്ശേരി : | ശ്രീ. അനൂപ് ജേക്കബ്. (ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| എ) പൊതു വിതരണ സമ്പ്രദായത്തിലൂടെ കേന്ദ്ര സർക്കാർ 2006-ൽ സംസ്ഥാനത്തിന് എത്ര കിലോ ലിറ്റർ മണ്ണെണ്ണയാണ് അനുവദിച്ചിരുന്നത്; | എ) 2006 ജനുവരി മുതൽ ഡിസംബർ വരെ 277956 കി.ലി മണ്ണെണ്ണ അനുവദിച്ചിട്ടുണ്ട്. |
| ബി) പ്രസ്തുത വർഷം സംസ്ഥാനത്ത് എത്ര റേഷൻ കാർഡ് ഉണ്ടായിരുന്നു; ഇപ്പോൾ എത്ര എണ്ണം നിലവിലുണ്ട്; | ബി) 2006 ഏപ്രിൽ ഒന്നിലെ കണക്കനുസരിച്ച് സംസ്ഥാനത്ത് 6788941 കാർഡുകൾ ഉണ്ടായിരുന്നു. 2012 മെയ് ഒന്നിലെ കണക്കനുസരിച്ച് സംസ്ഥാനത്ത് 7939949 കാർഡുകൾ നിലവിലുണ്ട്. |
| സി) നിലവിൽ സംസ്ഥാനത്തിന്റെ മണ്ണെണ്ണ വിഹിതം എത്ര കിലോ ലിറ്റർ ആണ്; | സി) 2012-13 വർഷത്തെ ആദ്യത്രൈമാസം ഏപ്രിൽ, ജൂൺ വരെ കേന്ദ്രം സംസ്ഥാനത്തിന് 35052 കി.ലി മണ്ണെണ്ണ അനുവദിച്ചിട്ടുണ്ട്. |
| ഡി) മണ്ണെണ്ണ വിഹിതം വെട്ടിക്കുറച്ച് കാർഡുടമകൾക്ക് മണ്ണെണ്ണ നിഷേധിക്കുന്ന കേന്ദ്ര സർക്കാർ നടപടിയിലുള്ള സംസ്ഥാന സർക്കാരിന്റെ പ്രതിഷേധം കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ടോ; എങ്കിൽ ഇതിൽ കേന്ദ്ര സർക്കാരിന്റെ പ്രതികരണം എന്തായിരുന്നു; വിശദാംശം വ്യക്തമാക്കുമോ ? | ഡി) വെട്ടിക്കുറച്ച മണ്ണെണ്ണ വിഹിതം പുന:സ്ഥാപിച്ചു നൽകാൻ കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. വിളക്ക് തെളിയിക്കുന്നതിനും പാചകത്തിനും മാത്രമാണ് കേന്ദ്രം പി.ഡി.എസ്. മണ്ണെണ്ണ അനുവദിക്കുന്നത്. സംസ്ഥാനത്ത് വൈദ്യുതീകരിച്ച വീടുകളുടെ എണ്ണം കൂടുന്നതും എൽ.പി.ജി കണക്ഷന്റെ എണ്ണം കൂടുന്നതും കാരണം ഒരേ ആവശ്യത്തിന് രണ്ട് തരത്തിൽ സബ്സിഡി അനുവദിക്കാൻ നിർവ്വാഹമില്ല എന്നാണ് കേന്ദ്രത്തിന്റെ നിലപാട്. സംസ്ഥാന സർക്കാരിന്റെ അഭ്യർത്ഥനമാനിച്ച് 5004 കി.ലി മണ്ണെണ്ണയുടെ ഭാഗികമായ വർദ്ധനവ് 2012 ഏപ്രിൽ-ജൂൺ ത്രൈമാസത്തേക്ക് അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ